റോഡുകളുടെ സുരക്ഷാപ്രവർത്തനങ്ങൾക്കും ഗതാഗതക്കുരുക്ക് പരിഹരിക്കാനും പദ്ധതി

20 (*560) ശ്രീ. എം. എ. വാഹീദ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേശീയപാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ സുരക്ഷാപ്രവർത്തനങ്ങൾക്കും ഗതാഗതക്കുരുക്ക് പരിഹരിക്കാനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തത് ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) സംസ്ഥാനത്ത് ദേശീയപാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ സുരക്ഷാപ്രവർത്തനങ്ങൾക്കും ഗതാഗതക്കുരുക്ക് പരിഹരിക്കാനും പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഗതാഗതക്കുരുക്ക് കുറയ്ക്കുക, അപകട നിരക്ക് കുറയ്ക്കുക, സുഗമമായ ഗതാഗതം ഉറപ്പുവരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) പദ്ധതികൾ നടപ്പിലാക്കാനായി ജില്ലാതല റോഡ് സുരക്ഷാ സമിതി, റോഡ് സുരക്ഷാ അതോറിറ്റി, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സംസ്ഥാനതല അവലോകനയോഗം എന്നീ സംവിധാനങ്ങൾ ഭരണതലത്തിൽ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly